LIBRARY ARCHIVES Kerala Legislative Assembly

ആപ്ലിക്കേഷൻ, മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോണുകൾ നൽകുന്ന പദ്ധതി, മാസ്റ്റർ കൺട്രോൾ റൂമുകളും റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിക്കുന്ന പദ്ധതി, യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി, വെസ്സൽ ട്രാക്കിംഗ് സിസ്റ്റം, ഹോളോഗ്രാഫിക് രജിസ്ട്രേഷൻ, Square mesh എന്നിവ ഘടിപ്പിക്കുന്ന പദ്ധതി, വിദ്യാഭ്യാസ സഹായ പദ്ധതികളായ വിദ്യാതീരം, പ്രതിഭാതീരം പദ്ധതികൾ, ഇ-ഗ്രാന്റ്സ്, മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുട്ടികളെ ദത്തെടുക്കുന്ന പദ്ധതി, മത്സ്യബന്ധന തുറമുഖങ്ങളിൽ CCTV സ്ഥാപിക്കൽ, കടൽ സുരക്ഷാ സ്ക്വാഡുകൾ, മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്ന പദ്ധതി എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. കൂടാതെ കോവിഡ്, കാലാവസ്ഥ മുന്നറിയിപ്പ് തുടങ്ങിയവയോടനുബന്ധിച്ച് ധനസഹായം, ഫുഡ് കിറ്റ് എന്നിവ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് 10 വർഷം മുമ്പുള്ള തീരപ്രദേശങ്ങളുടെ വിസ്തൃതി

214(720) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 10 വർഷം മുമ്പുള്ള തീരപ്രദേശങ്ങളുടെ വിസ്തൃതി എത്രയായിരുന്നു എന്നും ആയത് നിലവിൽ എത്രയാണ് എന്നും വ്യക്തമാക്കുമോ?

Ministry of Environment and Climate Change data പ്രകാരം സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളുടെ വിസ്തൃതി 590 കിലോമീറ്ററാണ്.

(ബി) നിലവിൽ കടലാക്രമണ/അതിരൂക്ഷ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശ വിസ്തൃതി എത്രയാണെന്നും പ്രസ്തുത പ്രദേശങ്ങളിൽ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ താമസിക്കുന്നുവെന്നും വ്യക്തമാക്കുമോ?

ഫിഷറീസ് വകുപ്പ് 2018-19-ൽ നടത്തിയ തീരദേശ സർവ്വേ പ്രകാരം തീരദേശത്തെ 50 മീറ്റർ പരിധിക്കുള്ളിൽ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ തീരദേശ ശോഷണം കുറയ്ക്കുന്നതിനും കടലാക്രമണത്തിൽനിന്നും കരയെയും മത്സ്യത്തൊഴിലാളി കുടുംബങ്ങളെയും സംരക്ഷിക്കുന്നതിനുമായി സർക്കാർ സമയബന്ധിതമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ തീരശോഷണം കുറയ്ക്കുന്നതിനും തീരസംരക്ഷണത്തിനുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം കിഫ്ബി ഫണ്ടുപയോഗിച്ച് 101.51 കോടി രൂപയുടെ പ്രവൃത്തികൾ മുതലപ്പൊഴി, ചേറ്റുവ, മഞ്ചേശ്വരം, തോട്ടപ്പള്ളി, കായംകുളം, കൊല്ലം-താന്നി, പൂന്തുറ-വലിയതുറ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകിട്ടുണ്ട്. കൂടാതെ NABARD RIDF XXVI-ൽ ഉൾപ്പെടുത്തി 7.34 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തി പുറത്തൂർ പഞ്ചായത്തിലെ പള്ളിക്കടവിൽ നടപ്പിലാക്കിയിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ 96.77 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. ഇതുകൂടാതെ തീരപ്രദേശത്ത് അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത സ്ഥാനത്തേക്ക് അധിവസിപ്പിക്കുന്നതിനായുള്ള പുനർഗേഹം പദ്ധതി നടപ്പിലാക്കിവരുന്നു. വിവിധ ജില്ലകളിലെ 9 കേന്ദ്രങ്ങളിലായി 1212 പേരെ പുനരധിവസിപ്പിക്കുവാൻ കഴിയുമാറ് ഫ്ലാറ്റുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ഡി) ഇതുമായി ബന്ധപ്പെട്ട് കൊച്ചി മണ്ഡലത്തിലുൾപ്പെടുന്ന ചെല്ലാനം തീരത്ത് സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ?

കൊച്ചി - ചെല്ലാനം തീരത്ത് കടൽക്ഷോഭവുമായി ബന്ധപ്പെട്ടുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും തീരശോഷണത്തിനും ശാശ്വത പരിഹാരം കാണുന്നതിനായുള്ള നടപടി സ്വീകരിച്ച് വരുന്നു ചെല്ലാനത്തെ ഒരു മാതൃകാ ഗ്രാമം ആക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഫിഷറീസ് യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് തയ്യാറാക്കുന്നതിനായി ജനപ്രതിനിധികൾ, സാങ്കേതിക വിദഗ്ധർ, മത്സ്യത്തൊഴിലാളികൾ എന്നിവരെ ഉൾപ്പെടുത്തി സെമിനാർ സംഘടിപ്പിച്ചുകഴിഞ്ഞു. ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാകും. റിപ്പോർട്ട് ലഭ്യമായശേഷം തുടർനടപടി കൈക്കൊള്ളാവുന്നതാണ്.

മത്സ്യസമ്പത്തിന്റെ സുസ്ഥിരത

215(721) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.